പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3017 15-2-2013 -ൽ മറുപടി നൽകേണ്ടത്

**താലൂക്ക് ഓഫീസുകളിൽ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂ കയർ വകുപ്പ് മന്ത്രി. |
| (എ) ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ വില്ലേജിൽ എരുവറ്റികിഴക്ക് മുറിയിൽ തുണ്ടിൽ വീട്ടിൽ ശ്രീമതി. ലക്ഷ്മിയുടെ വസ്തു പേരിൽക്കൂട്ടുന്നതിലേയ്ക്ക് 21.05.2012 ൽ അപേക്ഷ നൽകിയിട്ടും നാളിതു വരെ ഒരു നടപടികളും സ്വീകരിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) LRM/SR/NEW/632/12 തീയതി 21.05.2012 ഈ ഫയൽ നമ്പരിൽ ഉള്ള വിധവയായ പട്ടികജാതി സമുദായത്തിൽപ്പെട്ട ടി ആളുടെ മകളുടെ പുനർവിവാഹത്തിന്റെ ആവശ്യകതയിലേക്ക് 87/2 സർവ്വേ നമ്പരിൽപ്പെട്ട വസ്തു പേരിൽക്കൂട്ടി നൽകണമെന്ന അപേക്ഷയിന്മേൽ അനുകൂലനടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) ഈ വസ്തുവിൽ സർവ്വേയർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്. |
| (സി) താലൂക്കാഫീസുകളിലെ ഇത്തരം കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇത്തരം കാലതാമസം ഒഴിവാക്കുന്നതിനായി കർശന നിർദ്ദേശം ആലപ്പുഴ ജില്ലാ കളക്ടർ ബന്ധപ്പെട്ട തഹസീൽദാർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.